## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 623
## 11.07.2012–ലെ മറുപടിക്ക്
## ട്രഷറികളിൽ എ.ടി.എം സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ ട്രഷറി എ.ടി.എം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ട്രഷറി നെറ്റ് വർക്കിംഗ് സംവിധാനവും, ട്രഷറി കോർ ബാങ്കിംഗ് സംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട്. ട്രഷറി നെറ്റ് വർക്കിംഗ് നടപ്പിലാക്കുന്നതിനായി പുനർ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ കോർ ബാങ്കിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റു നടപടികൾ പുരോഗമിച്ചു വരികയാണ്. |
| ബി) | ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്; | |
| സി) | ഇതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ഇതു നടപ്പിലാക്കിയാൽ ട്രഷറി ഇടപാടുകാർക്ക് തങ്ങളുടെ പണം പിൻവലിക്കുന്നതിന് ഇരുപത്തിനാല് മണിക്കൂറും സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ട്രഷറികളിൽ ആദ്യ ദിവസങ്ങളിൽ |

| | | |
|---|---|---|
| | | ഉണ്ടാകുന്ന പെൻഷൻകാരുടെയും മറ്റു ഇടപാടുകാരുടെയും തിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സഹായിക്കുന്നതാണ്. |
| ഡി) | പ്രസ്തുത സംവിധാനം എന്നു മുതൽ പ്രാവർത്തികമാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? | ഇക്കാര്യം തീരുമാനിച്ചിട്ടില്ല. |

Baijaraju

**സെക്ഷൻ ഓഫീസർ**